ആദിവാസി മേഖലകളുടെ വൈദ്യുതീകരണത്തിനായി ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകളിലെ 267 പട്ടികവർഗ്ഗ കോളനികളിലെ 4734 വീടുകൾ കേബിൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിന് 36 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ താഴെ ചേർത്തിരിക്കുന്ന ജോലികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. കേബിൾ ഉപയോഗിച്ച് 133 കി.മീ., 11 കെ.വി. ലൈൻ വലിക്കൽ.

2. 100 കെ.വി.എ. ശേഷിയുള്ള 68 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. 296 കി.മീ. എൽ.റ്റി. ത്രി ഫേസ്, 348 കി.മീ. എൽ.റ്റി. 1 ഫേസ് ലൈൻ വലിക്കുക.

4. 4734 വീടുകൾ വൈദ്യുതീകരിക്കൽ.

5. 439 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ.

കൂടാതെ ഗ്രിഡിൽ നിന്നും അഞ്ചു കിലോമീറ്ററിൽ കൂടുതൽ ദൂരത്തുള്ള 115 കോളനികൾ അനർട്ട് വഴിയായി വൈദ്യുതീകരിക്കുന്നതിനും 9.50 കോടി രൂപയുടെ ഒരു പദ്ധതിയും കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട് ഇതിന് 90 % കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു.

(സി) അനർട്ടിന്റെ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും, പിന്നോക്ക മേഖലകളെ ലക്ഷ്യമിട്ടുകൊണ്ടുള്ളവയാണ്. സമഗ്ര ഗ്രാമീണ ഊർജ്ജ വികസനം ലക്ഷ്യമാക്കിയാണ് അനർട്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

അഴീക്കോട് ഇലക്ട്രിസിറ്റി ഓഫീസിന് സ്വന്തം കെട്ടിടം പണിയാൻ നടപടി

22 [340] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് മേജർ സെക്ഷൻ ഓഫീസിന് സ്വന്തം കെട്ടിടം പണിയണമെന്ന പഞ്ചായത്തിന്റെയും ജനങ്ങളുടെയും ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യത്തിനായി വർഷങ്ങൾക്കുമുൻപ് വാങ്ങിയിട്ടുള്ള സ്ഥലത്ത് കെട്ടിടം പണി ആരംഭിക്കുവാൻ എന്തെങ്കിലും പദ്ധതി ഇലക്ട്രിസിറ്റി ബോർഡ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എപ്പോൾ പണി ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സെക്ഷൻ ആഫീസ് പണിയാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അത് തയ്യാറാക്കി, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതവൽക്കരണത്തിന് അടിയന്തിര നടപടി

23 [341] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതവൽക്കരണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച പണം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടംവരെ പൂർത്തിയായി എന്ന് വിശദമാക്കുമോ;

(ബി) പോസ്റ്റുകൾ, കമ്പി തുടങ്ങിയ അനുബന്ധ ഉപകരണങ്ങളുടെ അഭാവം മൂലമാണ് വൈദ്യുതിവൽക്കരണ പ്രവർത്തനം തടസ്സപ്പെടുന്നതെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തിരമായി വൈദ്യുതീകരണത്തിനാവശ്യമായ സാധനങ്ങൾ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി സൗത്ത് സെക്ഷന്റെ കീഴിലുള്ള 7 വർക്കുകൾ ചെയ്തു കഴിഞ്ഞു. ഓച്ചിറ സെക്ഷനിലെ 7 വർക്കുകളും കരുനാഗപ്പള്ളി നോർത്ത് സെക്ഷനിലെ 9 വർക്കുകളും ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

വൈദ്യുതി ബോർഡിലെ വാഹന വാടകയിനത്തിൽ ചെലവായ തുക

24 [342] ശ്രീ. പി. കെ. കെ. ബാവ:
„ പി. കെ. അബ്ദുറബ്ബ്:
„ ഇസ്ഹാക് കുരിക്കൾ:
„ സി. മൊയിൻകുട്ടി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ വാഹന വാടകയിനത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ചെലവായ തുക ഓരോ ഡിവിഷനിലും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) തെരുവ് വിളക്ക് കത്തിക്കുന്നതിന് നിയുക്തരായിട്ടുള്ളവരെ, ഇപ്പോൾ കരാറടിസ്ഥാനത്തിൽ ബോർഡിന്റെ ആവശ്യത്തിനായി ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly